24036

ഇ -5009/2014 (1)

നഗരകാര്യ വകുപ്പ്,
റീജിയനൽ ജോയിന്റ് ഡയറക്ടറാഫീസ്,
ടാക്സി സ്റ്റാന്റ് ബിൽഡിംഗ്,
പാളയം, കോഴിക്കോട്, ~~23.02~~.2015 15/10
ഫോൺ -0495-2720340
duarkkd@gmail.com

റീജിയനൽ ജോയിന്റ് ഡയറക്ടർ,
കോഴിക്കോട്.

29 OCT 2015

നഗരകാര്യ ഡയറക്ടർ
നഗരകാര്യ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം : നഗരകാര്യ വകുപ്പ് - ഉത്തരമേഖലാ ഓഫീസ്, കോഴിക്കോട് - ലൈസൻസ്ഡ് - സൂപ്പർവൈസർ ശ്രീ. ടിജു തോമസിന്റെ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന: - നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ 15/10/2015 ലെ ഇതേ നമ്പർ ഉത്തരവ് നടപടികൾ.

-----

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ ചട്ട വിരുദ്ധമായി പ്ലാൻ സമർപ്പിച്ച സൂപ്പർവൈസർ - എ ശ്രീ. ടിജു തോമസിന്റെ രജിസ്ട്രേഷൻ (Reg. No. E – 2050/08/5189/KKD/94/2013/SA) സൂചന പ്രകാരം ഒരു മാസ കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. 1999 ലെ കെ.എം.ബി.ആർ ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി സൂചിത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ

റീജിയനൽ ജോയിന്റ് ഡയറക്ടർ

<u>നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ</u>

നഗരകാര്യ വകുപ്പ്, ഉത്തര മേഖലാ കാര്യാലയം, കോഴിക്കോട് - വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ ചട്ട വിരുദ്ധമായി പ്ലാൻ വരച്ച് സമർപ്പിച്ച ലൈസൻസ്ഡ് സൂപ്പർവൈസർ - ശ്രീ. ടിജു തോമസിന്റെ (Reg. No. E – 2050/08/5189/KKD/94/2013/SA) രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

=====================================================================================

നമ്പർ ഇ – 5009/2014 തിയ്യതി, കോഴിക്കോട്, 15.10.2015

=====================================================================================

പരാമർശം:– 1. സർക്കാരിന്റെ 29/11/2014 ലെ 71730/ആർ.ബി.2/2014/എൽ.എസ്.ജി.ഡി. നമ്പർ കത്ത്
2. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 02/08/2014 ലെ 655/14 നമ്പർ റിപ്പോർട്ട്
3. വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10/03/15 ലെ എ1/8170/14 നമ്പർ കത്ത്
4. ശ്രീ. ടിജു. തോമസിന് ഈ ഓഫീസിൽ നിന്നും 05/06/15 തിയതിയായി നൽകിയ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. ടിജു തോമസിന്റെ 03/07/15 ലെ പ്രതിവാദ പത്രിക
6. ശ്രീ. ടിജു തോമസ് 18/08/15 ന് ഈ ഓഫീസിൽ നേരിൽ ഹാജരായി നൽകിയ മൊഴി.

-----

## <u>ഉത്തരവ്</u>

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി, മയൂരി ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യുസേഴ്സ് സൊസൈറ്റി, ഭീമനടി പി.ഒ., എന്നവർക്ക് വേണ്ടി കൊപ്ര ഡ്രയർ കെട്ടിടം നിർമ്മിക്കുന്നതിന് അക്കാലയളവിൽ സൂപ്പർവൈസർ - ബി ലൈസൻസിയായ ശ്രീ. ടിജു തോമസ്, ആനിക്കാട്ടു വയലിൽ പ്ലാച്ചികര പി.ഒ., പരപ്പ, കാസർഗോഡ് - 671533 (Reg. No. D – 2023/05/5778/SB, നിലവിലെ Reg. No. E – 2050/08/5189/KKD/94/2013/SA) എന്നവർ തയ്യാറാക്കി ഒപ്പിട്ട് സമർപ്പിച്ച പ്ലാൻ ചട്ട വിരുദ്ധമാണ് എന്ന് പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ (വിജി) റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ നിയമാനുസൃത നടപടികളെടുക്കുവാൻ സൂചന (1) പ്രകാരം സർക്കാർ നിർദ്ദേശം നൽകിയതിനെ തുടർന്ന് 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 153(7), (8), ന് വിധേയമായി പരാമർശം (4) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിന് പരാമർശം (5) പ്രകാരം ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാനെ നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്നും അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 18/08/2015 ന് ശ്രീ. ടിജു തോമസ് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് മുമ്പാകെ നേരിൽ ഹാജരായി മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

ലീസ് എഗ്രിമെന്റ് പ്രകാരം കെട്ടിട നിർമ്മാണം നടത്തിയ സൈറ്റിന്റെ അളവ് 809 ച.മീ ആണെങ്കിലും സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ 810 ച.മീ. (27.00 x 30.00 മീ) എന്നാണ് കണ്ടെത്തിയിട്ടുള്ളതെന്നും, സൈറ്റിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് 2011 ലെ കേരള

പഞ്ചായത്ത് ബിൽഡിംഗ് റൂൾ ചട്ടം 37(1) ന്റെ ലംഘനമാണെന്നും, കവറേജ്, FAR, കാർ പാർക്കിംഗ് ഏരിയ എന്നിവ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 59(2), 59(10)59 (11എ) എന്നിവ പ്രകാരമുള്ള യഥാക്രമം ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ്, മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് ഡിപ്പാർട്ട്മെന്റ് എന്നീ വകുപ്പുകളിൽ നിന്നും ലഭിക്കേണ്ടുന്ന അനുമതി പത്രം നിർമ്മാണത്തിന് ലഭിച്ചിട്ടില്ലെന്നും പ്ലാൻ തയ്യാറാക്കിയ സൂപ്പർവൈസറുടെ രജിസ്ട്രേഷൻ വിവരങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്നീ ചട്ട ലംഘനങ്ങൾ ആണ് പരാമർശം (2) പ്രകാരമുള്ള ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ റിപ്പോർട്ടിൽ ശ്രീ. ടിജു തോമസിനെതിരെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ടി വിവരങ്ങൾ പ്രകാരമുള്ള സൂചന (4) കാരണം കാണിക്കൽ നോട്ടീസിന് നൽകിയ ശ്രീ. ടിജു തോമസിന്റെ പരാമർശം (5) പ്രതിവാദ പത്രിക പ്രകാരം സ്ഥലത്തിന്റെ അളവ് 809.40 ച.മീ. (30m x 26.98m ) ആണ് എന്നും 26.98 മീ. എന്നത് 27 മീ എന്ന് റൗണ്ട് ചെയ്ത് എഴുതിയതിനാലാണ് വിസ്തീർണ്ണം 810 ച. മീ. എന്നു വരാൻ ഇടയായതെന്നും കെ.എം.ബി.ആർ ചട്ടം 37(1) പ്രകാരമുള്ള വിവരങ്ങൾ അപേക്ഷയോടൊപ്പം തന്നെ പഞ്ചായത്തിൽ സമർപ്പിച്ചിരുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. ടിയാന്റെ അശ്രദ്ധമൂലം FAR, കവറേജ്, കാർപാർക്കിംഗ് ഏരിയ എന്നിവ പ്ലാനിൽ രേഖപ്പെടുത്തുവാൻ വിട്ടു പോയിട്ടുള്ളതാണെന്നും എന്നാൽ ചട്ട പ്രകാരം ആവശ്യമായ FAR, കവറേജ്, പാർക്കിംഗ് ഏരിയ എന്നിവ ലഭ്യമാണെന്നും, KPBR ചട്ടം 59(2) ടി കെട്ടിട നിർമ്മാണത്തിന് ബാധകമല്ല എന്നും KPBR 59(10), 59(11എ), എന്നിവ പ്രകാരമുള്ള അനുമതി പത്രം പിന്നീട് ഹാജരാക്കിയെന്നും ബോധിപ്പിച്ചിട്ടുണ്ട്. ടിയാന്റെ രജിസ്ട്രേഷൻ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയത് അറിവില്ലായ്മമൂലമാണെന്നും, മേൽ വസ്തുതകൾ പരിഗണിച്ച് ടിയാന്റെ പേരിലുള്ള നടപടികൾ ഒഴിവാക്കി ഉത്തരവാകണമെന്നും പ്രതിവാദ പത്രികയിലും, ഹിയറിംഗ് വേളയിലും ടിയാൻ അപേക്ഷിക്കുകയുണ്ടായി.

ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ റിപ്പോർട്ട് വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് , ശ്രീ. ടിജു തോമസിന്റെ പ്രതിവാദ പത്രിക, ഹിയറിംഗ് വേളയിലെ മൊഴി എന്നിവ വിശദമായി പരിശോധിച്ചതിൽ ലൈസൻസ്ഡ് സൂപ്പർവൈസർ ശ്രീ. ടിജു തോമസിന്റെ ഭാഗത്തു നിന്നും കെട്ടിട നിർമ്മാണ അപേക്ഷയിലും പ്ലാൻ തയ്യാറാക്കുന്നതിലും മറ്റും കൃത്യവിലോപം ഉണ്ടായതായി കാണുന്നു. 1999 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 153 പ്രകാരം ബന്ധപ്പെട്ട ചട്ടങ്ങളും, നിയമങ്ങളും കർശനമായി പാലിച്ചുകൊണ്ടും കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും പ്ലാൻ തയ്യാറാക്കി സമർപ്പിക്കുവാൻ ലൈസൻസി ബാധ്യസ്ഥനാണ്. മേൽ പറഞ്ഞ നിയമ ലംഘനങ്ങൾക്ക് ടിയാൻ ഉത്തരവാദിയായതിനാൽ ശ്രീ. ടിജു തോമസിന്റെ സൂപ്പർവൈസർ - എ രജിസ്ട്രേഷൻ (Reg. No. E – 2050/08/5189/KKD/94/2013/SA), 1999 ലെ കെ.എം.ബി.ആർ ചട്ടം 153(8) പ്രകാരം 1/11/15 മുതൽ 30/11/2015 വരെ ഒരു മാസ കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ. ടിജു തോമസ് 1999 ലെ കെ.എം.ബി.ആർ വ്യവസ്ഥ ചെയ്യുന്ന സൂപ്പർവൈസർ -എ യുടെ ചുമതലകൾ നിർവ്വഹിക്കാൻ പാടില്ലാത്തതും, സസ്പെൻഷൻ വിവരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതിനായി സർട്ടിഫിക്കറ്റിന്റെ അസ്സൽ സഹിതം നഗരകാര്യ വകുപ്പിന്റെ കോഴിക്കോട് മേഖലാ കാര്യാലയത്തിൽ ഒരാഴ്ച്ചക്കകം നേരിൽ ഹാജരാകേണ്ടതുമാണെന്ന് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി സെബാസ്റ്റ്യൻ
നഗരകാര്യ റീജിയനൽ ജോയിന്റ് ഡയറക്ടർ
കോഴിക്കോട്

ശ്രീ. ടിജു തോമസ്, ആനിക്കാട്ട് വയലിൽ, പ്ലാച്ചിക്കര പി.ഒ., പരപ്പ, കാസർഗോഡ് - 671533

പകർപ്പ് :

1) സെക്രട്ടറി, വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത്

2) ഡയറക്ടർ, നഗരകാര്യ വകുപ്പ് (കെ.എം.ബി.ആർ ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ടമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ആമുഖ കത്ത് സഹിതം)

3) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്

5) റിജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം, കൊച്ചി

6) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

K.R. 15/10